പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **1372** **14. 06. 2013**- ലെ മറുപടി

"നിതാഖത്ത്" നിയമം മൂലം ഒഴിഞ്ഞ് വരേണ്ടി വരുന്നവരുടെ എണ്ണം

ചോദ്യം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

(എ) "നിതാഖത്ത്" നിയമം മൂലം എത്ര മലയാളികൾ സൗദി അറേബ്യയിൽ അവിടെ നിന്ന് ഒഴിഞ്ഞ് വരേണ്ടി വന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

ഉത്തരം

ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

(എ) കൃത്യമായ കണക്ക് ലഭ്യമല്ല. തിരികെയെത്തിയ പ്രവാസികൾ പൂരിപ്പിച്ചു നൽകിയ വിവരശേഖരണ പട്ടികയിലെ ലഭ്യമാക്കിയ വിവരങ്ങൾ അനുസരിച്ച് തയ്യാറാക്കിയ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 567 |
| 2 | കൊല്ലം | 703 |
| 3 | പത്തനംതിട്ട | 121 |
| 4 | ആലപ്പുഴ | 229 |
| 5 | കോട്ടയം | 60 |
| 6 | ഇടുക്കി | 20 |
| 7 | എറണാകുളം | 105 |
| 8 | തൃശ്ശൂർ | 153 |
| 9 | പാലക്കാട് | 190 |
| 10 | മലപ്പുറം | 1226 |
| 11 | കോഴിക്കോട് | 373 |
| 12 | വയനാട് | 60 |
| 13 | കണ്ണൂർ | 145 |
| 14 | കാസർകോഡ് | 33 |

(ബി) ഇവർക്ക് വീണ്ടും തിരിച്ച് പോകുന്നതിന് എന്തെങ്കിലും സാധ്യത നിലനിൽക്കുന്നുണ്ടോ;

(ബി) ഇവർക്ക് നിയമപരമായി തൊഴിൽ വിസയിൽ തിരികെ പോകുന്നതിന് തടസ്സങ്ങളൊന്നുമില്ല.

(സി) ഇല്ലെങ്കിൽ ഇവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(സി) വിദേശ രാജ്യങ്ങളിൽ നിന്ന് തിരികെയെത്തുന്നവർക്കായി ഒരു സമഗ്ര പുനരധിവാസ പദ്ധതി രൂപീകരിക്കുന്നതിന് നോർക്ക വകുപ്പ് മന്ത്രി ചെയർമാനായി ഒരു മന്ത്രിസഭാ ഉപസമിതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറായി വരുന്നു.

സെക്ഷൻ ഓഫീസർ